File No.DDDKER/4889/2021-C1

# ക്ഷീരവികസന വകുപ്പ്
# തിരുവനന്തപുരം

തീയതി:29/04/2022

## വിജ്ഞാപനം

സഹകരണ നിയമം വകുപ്പ് 80(3 എ) പ്രകാരവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സഹകരണ നിയമം വകുപ്പ് 80 (ബി) പ്രകാരവും സഹകരണ പരീക്ഷാ ബോർഡ് എന്നിവ മുഖേനയല്ലാതെ പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ നേരിട്ട് നിയമനം നടത്തേണ്ട വിഭാഗത്തിലെ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി പരീക്ഷ നടത്തുന്നതിന് പ്രാഗല്ഭ്യം നേടിയ വിദഗ്ധർ അംഗങ്ങളായുള്ള ഏജൻസികളെ നിശ്ചയിച്ച് നല്കുന്നതിനുവേണ്ടി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ഏജൻസികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യത:

1. കോ – ഓപ്പറേഷൻ, അക്കൗണ്ടിംഗ്, ബാങ്കിംഗ്, സഹകരണ വകുപ്പുകൾ എന്നിവ കൈകാര്യം ചെയ്ത പ്രവൃത്തി പരിചയമുള്ള വിദഗ്ധർ.

2. ഏജൻസി പ്രവർത്തനം ആരംഭിച്ച് ക്ഷീരസഹകരണ മേഖലയിൽ കുറഞ്ഞത് രണ്ട് വർഷത്തെയെങ്കിലും പ്രവൃത്തി പരിചയം.

തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികളുടെ കാലാവധി , ഉത്തരവ് തീയതി മുതൽ രണ്ട് വർഷക്കാലത്തേക്കായിരിക്കും.

എഴുതി തയ്യാറാക്കിയ അപേക്ഷയും വിദഗ്ധ അംഗങ്ങളുടെ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളും താഴെ പറയുന്ന മേൽവിലാസത്തിൽ 2022, മേയ് 17 ന് മുമ്പായി അയച്ചുതരേണ്ടതാണ്.

Signature Not Verified
Digitally signed by V P SURESHKUMAR
Date: 2022.04.29 12:43:14 IST
Reason: Approved

**ഡയറക്ടർ,**
**ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**പട്ടം, തിരുവനന്തപുരം – 695004.**